<u>പതിമൂന്നാം കേരള നിയമസഭ</u>
<u>രണ്ടാം സമ്മേളനം</u>

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6320 | 31.10.2011ൽ മറുപടിയ്ക്ക് |

| വനിതാ കമ്മീഷൻ ശക്തിപ്പെടുത്തൽ | |
|---|---|
| **ചോദ്യം** | **ഉത്തരം** |
| **ശ്രീ. ഡൊമിനിക് പ്രസന്റേഷൻ**<br>**,, എ.പി. അബ്ദുള്ളക്കുട്ടി**<br>**,, റ്റി.എൻ. പ്രതാപൻ**<br>**,, തേറമ്പിൽ രാമകൃഷ്ണൻ** | **ഡോ. എം.കെ.മുനീർ**<br>**(പഞ്ചായത്തും സാമൂഹ്യക്ഷേമവും**<br>**വകുപ്പു മന്ത്രി)** |
| (എ) വനിതാ കമ്മീഷൻ ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | വനിതാ കമ്മീഷൻ മുമ്പാകെ ലഭിക്കുന്ന സ്ത്രീകളുടെ പരാതികളിന്മേൽ സാധ്യമായ സമയത്തിനുള്ളിൽ കമ്മീഷൻ നടപടികൾ സ്വീകരിക്കാറുണ്ട്. സ്ത്രീകൾക്കെതിരെ നടക്കുന്ന കുറ്റകൃത്യങ്ങൾ നേരിടുന്നതിന് വനിതാ കമ്മീഷൻ സെമിനാറുകൾ സംഘടിപ്പിക്കുകയും ബോധവത്ക്കരണം നടത്തുകയും, എതിർ കക്ഷികളെ വിളിച്ചു വരുത്തി വിശദീകരണം ചോദിക്കുകയും തുടർ നടപടികൾ കൈക്കൊള്ളുകയും ചെയ്യാറുണ്ട്. കൗൺസിലിംഗ് ആവശ്യമെങ്കിൽ അത് നൽകാറുണ്ട്. വിവാഹധൂർത്ത്, സ്ത്രീകളുടെ ശാക്തീകരണത്തിന് തടസ്സമായി നിൽക്കുന്നതിനാൽ സ്ത്രീധനവിമുക്ത കേരളം ആർഭാടരഹിത വിവാഹം എന്ന ലക്ഷ്യത്തിലേക്ക് ബോധവത്ക്കരണ പരിപാടി നടത്തിക്കൊണ്ടിരിക്കുകയാണ്. ജാഗ്രതാ സമിതി മുഖാന്തിരം സ്ത്രീകളുടെ അവകാശങ്ങളെക്കുറിച്ചും ലംഘനങ്ങളുണ്ടാകുമ്പോൾ പരിഹരിക്കേണ്ട മാർഗ്ഗങ്ങളെക്കുറിച്ചും ബോധവത്ക്കരിക്കുക, ആവശ്യമായ നിയമസഹായവും ഉപദേശവും പ്രചരണവും നൽകുക തുടങ്ങിയ പ്രവർത്തനങ്ങൾക്കും ഊന്നൽ നൽകാറുണ്ട്. |

| | |
|---|---|
| (ബി) സ്ത്രീശാക്തീകരണത്തിന് ഉതകുന്ന കാര്യക്ഷമമായ പ്രവർത്തനം നടപ്പാക്കാൻ വനിതാ കമ്മീഷന് എന്തെല്ലാം സഹായങ്ങളാണ് നൽകിവരുന്നത്; | (ബി) കേരള വനിതാ കമ്മീഷന് കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ സർക്കാർ അനുവദിച്ച തുക ചുവടെ ചേർക്കുന്നു. |

| | പദ്ധതി ഇനത്തിൽ (ലക്ഷത്തിൽ) | പദ്ധതിയേതര ഇനത്തിൽ (ലക്ഷത്തിൽ) | അഡീഷണൽ സെൻട്രൽ അസിസ്റ്റൻസ് (ലക്ഷത്തിൽ) | ഫ്ളാഗ് ഷിപ്പ് പ്രോഗ്രം (ലക്ഷത്തിൽ) |
|---|---|---|---|---|
| 2009-10 | 79.24 | 149.22 | 8 | 56.84 |
| 2010-11 | 84 | 170.78 | - | 70 |
| 2011-12 | 82.50 | 243.28 | - | 73.50 |

| | |
|---|---|
| (സി) കമ്മീഷന് ആവശ്യമുള്ള ജീവനക്കാരെ നിയമിക്കുവാൻ നടപടിയെടുക്കുമോ? | (സി) സർക്കാർ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ